Transport Department.

*632. MR. KANNARA GOPALA PANICKER : Will the Hon'ble Minister for Transport be pleased to state :

(a) whether a committee has been appointed by Government to go into the question of re-organisation of the Transport Department and also the nationalisation of the entire road transport within a period of five years ;

(b) if the answer to (a) is in the affirmative whether that committee has submitted any report interim or final to the Government; and

(c) if so, the substance of the report and action if any taken thereon ?

HON'BLE MR. K. R. ELANKATH : (എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറ് റിഓർഗനൈസ് ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(ബി) ആ കമ്മിറ്റി ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിലെ പ്രധാനഭാഗങ്ങൾ ബസ്സുകളുടെ എണ്ണം കൂട്ടുക, ഒരു സെൻട്രൽ വർക്ക്ഷാപ്പ് സ്ഥാപിക്കുക ഇവയാണ്. അതുപോലെ ഈ കൊല്ലത്തിനകം നാഷണലൈസ് ചെയ്യണമെന്നും ശുപാർശചെയ്തിട്ടുണ്ട്.

MR. T. A. ABDULLA : ആ കമ്മിറ്റിറിപ്പോർട്ടും ഇപ്പോഴത്തെ ട്രാൻസ്പോർട്ട് നയവുമായി വല്ല പൊരുത്തവും ഉണ്ടോ ?

HON'BLE MR. K. R. ELANKATH : വളരെ ബന്ധം ഉണ്ട്. ഒരു സെൻട്രൽ വർക്ക്ഷാപ്പ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു ബസ്സുകൂടി വാങ്ങിച്ചിട്ടുണ്ട്. ചില എണ്ണം വാങ്ങുവാൻ ഓർഡറുകൊടുത്തിട്ടുണ്ട്. ക്രമപ്രവൃദ്ധമായി നാഷണലൈസ് ചെയ്യുക എന്നുള്ളതാണ് ഗവണ്മെൻറിന്റെ നയം.

MR. T. A. ABDULLA : ഇതിനും പുറമേ കൂട്ടുകൂടി എടുക്കുന്നതിനുമായി വല്ല പൊരുത്തവും ഉണ്ടോ ?

HON'BLE MR. K. R. ELANKATH : ഈ കൊല്ലംകൊണ്ട് ദേശീകരിക്കണമെന്നാണ് കമ്മിറ്റിയുടെ ശുപാർശ. എത്ര കൊല്ലംകൊണ്ട് അതു പൂർത്തിയാക്കുമെന്ന് പറയുവാൻ നിവൃത്തിയില്ല.

MR. T. A. ABDULLA : ഏതെങ്കിലും പ്രത്യേക കൂട്ടുകൂടി അടുത്തായി എടുക്കണമെന്ന് ആ കമ്മിറ്റി പറഞ്ഞിട്ടുണ്ടോ ?

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—General*) ഗവണ്മെൻറിൽനിന്നും ആ റിപ്പോർട്ട് സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH : അതനുസരിച്ച് ഗവണ്മെൻറ് പ്രവർത്തിക്കുകയാണ്. അതിലെ പ്രായോഗികമായ നിർദ്ദേശങ്ങളും ഗവണ്മെൻറ് സ്വീകരിക്കുന്നതാണ്.

MR. P. M. VARGHESE : ഈ കമ്മിറ്റി ഇപ്പോഴും നിലവിലുണ്ടോ ?

HON'BLE MR. K. R. ELANKATH : ഇല്ല.

MR. K. RAMACHANDRAN : പണി തുടങ്ങാൻ നിശ്ചയിച്ചിരിക്കുന്ന സെൻട്രൽ വർക്ക്ഷാപ്പ് മദ്ധ്യതിരുവിതാംകൂറിൽ എവിടെയെങ്കിലും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. K. R. ELANKATH : ഇല്ല.

MR. PANDAVATH SANKARA PILLAI : തിരുവിതാംകൂറിന്റെ എല്ലാ ഭാഗത്തും ഒന്നും രണ്ടും ബസ്സുകൾ വീതം ഇട്ട് നാഷണലൈസ് ചെയ്യാം എന്നാണോ ഗവണ്മെൻറ് വിചാരിക്കുന്നത് ?

HON'BLE MR. K. R. ELANKATH : അതിന്റെ അർത്ഥം ബഹുമാനപ്പെട്ട മെമ്പർക്ക് മനസ്സിലായില്ലെന്ന് തോന്നുന്നു. ആദ്യമായിട്ട് കുത്തകയായിട്ട് എടുക്കുകയില്ല. കാലക്രമംകൊണ്ടു പരിപൂർണ്ണം ആയി ദേശീകരിക്കണമെന്നാണ് ഗവണ്മെൻറിന്റെ നയം.

MR. PANDAVATH SANKARA PILLAI : അങ്ങനെയാണെങ്കിൽ ഗവണ്മെൻറ് എടുക്കുന്ന റൂട്ടുകൾ പരിപൂർണ്ണമായി ദേശീകരിച്ചതിന്റെ ശേഷം പിന്നീട് എക്സ്റ്റെൻറ് ചെയ്യുന്നതല്ലേ നല്ലത് ?

HON'BLE MR. K. R. ELANKATH : ചില കേസുകളിൽ എക്സ് പ്രസ്സ് സർവീസ് ഇട്ട എന്നല്ലാതെ മറ്റുവിധത്തിൽ ഗവണ്മെൻറ് ചെയ്യാറില്ല.

Price of Paddy.

* 633. MR. N. V. CHACKO (*Kunnathunad III—General*) : Will the Hon'ble Minister for Food, Agriculture, Land etc., be pleased to state :

(*a*) the price at which the Government purchases paddy from the agriculturists ;

(*b*) the price at which it is sold to the people of the land ;

(*c*) the difference in prices per para of paddy ;

(*d*) whether the amount goes to meet the deficit or loss incurred by the Government in the transactions ;

(*e*) if the price is reduced to Rs. 2 per para, the contribution of the paddy to meet the deficit per every para of paddy sold by them to the Government ; and

(*f*) whether any contribution is made by anybody else except paddy cultivators to meet this deficit ?

LIBRARY ARCHIVES Kerala Legislative Assembly